Draft #3 of File 81295/AC A1-3/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 07-Jan-2021 03:37 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവ്വകലാശാലയുടെ കീഴിലുള്ള പഠന വകുപ്പുകളിൽ ക്ലാസ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ചും ഹോസ്റ്റലുകൾ തുറക്കുന്നതു സംബന്ധിച്ചും ഉള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 142/AC A 1/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 07.01.2021

---

*പരാമർശം:*-1. സർക്കാർ ഉത്തരവ് G.O (Rt) No.1609/2020/H.Edn തീയതി 23.12.2020

2. രജിസ്ട്രാറുടെ കുറിപ്പ് നം. രജി /01/ 08/ 2021 തീയതി 06.01.2021

3. 06.01.2021 തീയതിയിൽ വൈസ്-ചാൻസിലർ നൽകിയ ഉത്തരവ്

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം ആരംഭിക്കുന്നതിന് സർക്കാർ അനുമതി നല്കിയിട്ടുള്ളതാണ്. അതിൻ പ്രകാരം സർവ്വകലാശാലയുടെ കീഴിലുള്ള പഠന വകുപ്പുകളുടെ പ്രവർത്തനം താഴെപ്പറയുന്ന പ്രകാരം ഒന്നാം ഘട്ടമായി ആരംഭിക്കുന്നതിന് വകുപ്പുതലവൻമാരുമായി കൂടി ആലോചിച്ച് തീരുമാനിച്ചിട്ടുള്ളതാണ്.

- 11.01.2021മുതൽ പി.എച്ച്.ഡി./എം.ഫിൽ ഗവേഷണ പ്രവർത്തനങ്ങൾ /ക്ലാസ്സുകൾ ആരംഭിക്കുക.
- 25.01.2021 മുതൽ പി.ജി.3-ാം സെമസ്റ്റർ ക്ലാസ്സുകൾ ആരംഭിക്കുക
- മേൽ പറഞ്ഞ പ്രകാരം ക്ലാസ്സുകൾ ആരംഭിച്ചതിനു ശേഷം സാഹചര്യം വിലയിരുത്തി മറ്റു ക്ലാസ്സുകൾ ആരംഭിക്കുക

മേൽപറഞ്ഞ പ്രകാരം ക്ലാസ്സുകൾ ആരംഭിക്കുന്നതോടൊപ്പം ഹോസ്റ്റലുകൾ തുറക്കുന്നതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

- നിലവിൽ ഹോസ്റ്റലുകളിൽ മുറികൾ നൽകപ്പെട്ടിരുന്ന വിദ്യാർത്ഥികൾക്ക് ഹോസ്റ്റലുകളിൽ മുറികൾ അനുവദിക്കാവുന്നതാണ്.
- ഹോസ്റ്റൽ മുറികളിൽ സിംഗിൾ റൂമുകളിൽ ഒരാളും മറ്റു മുറികളിൽ പരമാവധി രണ്ടു പേരും എന്ന ക്രമത്തിൽ മാത്രമേ പ്രവേശനം അനുവദിക്കാവൂ.
- കോവിഡ് - 19 വ്യാപിക്കുന്ന സാഹചര്യത്തിൽ മുറികൾ അലോട്ട് ചെയ്യപ്പെടുന്ന വിദ്യാർത്ഥികളുടെ പൂർണ്ണ വിശദാംശങ്ങൾ ഹോസ്റ്റൽ സെക്ഷനിൽ ലഭ്യമാക്കേണ്ടതാണ്. ആയതിനാൽ ഹോസ്റ്റൽ പ്രവേശനം ആവശ്യമുള്ള വിദ്യാർത്ഥികൾ എ.ഡി.ബി.-7(ഹോസ്റ്റൽ സെക്ഷൻ) സെക്ഷനുമായി ബന്ധപ്പെട്ട് വിശദാംശങ്ങൾ നൽകി പുതിയ രജിസ്ട്രേഷൻ എടുക്കേണ്ടതാണ്.
- പഠന വകുപ്പുകളും ഹോസ്റ്റലുകളും പ്രവർത്തനം ആരംഭിക്കുമ്പോൾ അതുമായി ബന്ധപ്പെട്ട ജീവനക്കാരും വിദ്യാർത്ഥികളും പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ സർവ്വകലാശാല പുറപ്പെടുവിക്കുന്നതനുസരിച്ച് ആയത് വിദ്യാർത്ഥികളും അദ്ധ്യാപകരും മറ്റു ജീവനക്കാരും കർശനമായി പാലിക്കേണ്ടതാണ്.

പരാമർശം (2) പ്രകാരമുള്ള ടി നിർദ്ദേശങ്ങൾ, പരാമർശം (3) പ്രകാരം വൈസ്-

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ചാൻസിലർ അംഗീകരിച്ചു

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭാനു പ്രകാശ് ബി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

(1) വിവിധ പഠന വകുപ്പുകൾ

(2) വൈസ്- ചാൻസിലർ/ പ്രോ - വൈസ്- ചാൻസലർ എന്നിവരുടെ പി.എസ് മാർ

(3 ) രജിസ്ട്രാർ / പരീക്ഷ കൺട്രോളർ എന്നിവരുടെ പി.എ മാർ

(4 ) എ.ആർ/ഡി.ആർ/ ജെ.ആർ (അക്കാദമിക്/പരീക്ഷ / ഭരണം)

(5 ) പി.ആർ.ഒ/കണ്ടൻറ് മാനേജ്മെൻറ്റ് സെക്ഷൻ/ യൂണിവേഴ്സിറ്റി വെബ്സൈറ്റ്

(6) എ.സി.എ 5 / എ.സി.എ7/എ.സി.ബി7/ എ.സി.എ 12,

(7) സിറ്റാഡ്/ എ.സി.ബി 6 / എസി.സി 1&2/ ആക്ഷൻ ടേക്കൺ റിപ്പോർട്ട്

(8) സ്റ്റോക്ക് ഫയൽ /റെക്കോർഡ് സെക്ഷൻ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #3 of File 81295/AC A1-3/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 07-Jan-2021 03:37 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം